LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി കോളനികളുടെ നിർമ്മാണത്തിന് വകയിരുത്തിയ തുക

102 [922] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

" എം. പി. ഗംഗാധരൻ:

" എഴുകോൺ നാരായണൻ:

" പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളി കോളനികളുടെ നിർമ്മാണത്തിനും, പുനർ നിർമ്മാണത്തിനുമായി എന്തു തുക വീതം വകകൊള്ളിച്ചിരുന്നു;

(ബി) അതിൽ ഓരോ വർഷവും എന്തു തുക വീതം ചെലവഴിച്ചു;

(സി) ബാക്കിതുക ചെലവഴിക്കാത്തതിന്റെ കാരണം അറിയിക്കാമോ;

(ഡി) തുക ചെലവഴിക്കാനുദ്ദേശമില്ലാതിരുന്നുവെങ്കിൽ ഇക്കാര്യത്തിനു വേണ്ടി തുടർച്ചയായി ബഡ്ജറ്റിൽ തുക കൊള്ളിച്ചതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കോളനി ഭവന പുനർ നിർമ്മാണത്തിനായി 2001-02-ൽ രണ്ട് ലക്ഷം രൂപയും, 2002-03-ൽ 10 ലക്ഷം രൂപ സ്പിൽ ഓവറായും, 2003-04-ൽ 10 ലക്ഷം രൂപ സ്പിൽ ഓവർ പ്രോജക്ടായും വകയിരുത്തി. കൂടാതെ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം പുന്തുറ സ്പെഷ്യലായി 2001-02-ൽ 10 ലക്ഷം രൂപയും 2002-03-ൽ വീണ്ടും 10 ലക്ഷം രൂപയും വകയിരുത്തിയിരുന്നു.

(ബി) മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിനായി വകകൊള്ളിച്ച തുകയിൽ 2001-02, 2002-03, 2003-04 വർഷങ്ങളിൽ തുക ചെലവഴിച്ചിട്ടില്ല. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം പുന്തുറ സ്പെഷ്യൽ പദ്ധതി പ്രകാരം 2001-02-ൽ 2,32,500 രൂപ ചെലവഴിച്ചു.

(സി) തുക അപര്യാപ്തമായിരുന്നതിനാലും, കോളനികൾ തെരഞ്ഞെടുക്കുന്നതിനും, ടെക്നിക്കൽ സാങ്ഷനും കാലതാമസം ഉണ്ടായതിനാലും തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) പ്രസ്തുത തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമിക നടപടികൾ പൂർത്തിയാക്കി ലിസ്റ്റ് വെരിഫൈ ചെയ്തു നൽകിയിട്ടുണ്ട്. പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ നൽകിയിട്ടുണ്ട്. തീരുമാനം ആയിട്ടില്ല.